**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1957** **04-02-2026 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ലിന്റോ ജോസഫ്</td><td colspan="2">ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കിഫ്ബി ധനസഹായത്തോടെ തിരുവമ്പാടി മണ്ഡലത്തിലെ മുക്കം മാമ്പറ്റയിൽ നിർമ്മിക്കുന്ന സ്റ്റേഡിയത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടന്നുവെന്നും ഇനി എന്തെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്നും വിശദമാക്കാമോ;</td><td>(എ)</td><td>കിഫ്ബി ധനസഹായത്തോടെ തിരുവമ്പാടി മണ്ഡലത്തിലെ മുക്കം മാമ്പറ്റ സ്റ്റേഡിയത്തിലെ വിവിധ പ്രവൃത്തികൾ സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• നാചറൽ ഫുട്ബോൾ ടർഫ് - 20% പൂർത്തിയായി<br>• സൈറ്റ് ഡെവലപ്മെന്റ് വർക്ക് - 80% പൂർത്തിയായി.<br>• ഗ്യാലറി, ടോയിലറ്റ് ബ്ലോക്ക് ഉൾപ്പെടുന്ന ചെയിഞ്ച് റൂം - 80% പൂർത്തിയായി.<br>• വാട്ടർ സപ്ലൈ, സമ്പ് & പമ്പ് - 75% പൂർത്തിയായി.<br>• സെപ്റ്റിക് ടാങ്ക് - 75% പൂർത്തിയായി<br><br><u>ഇനിയും ആരംഭിക്കുവാനുള്ള പ്രവൃത്തികൾ:-</u><br><br>• ലെയിൻ 200 മീ. സിന്തറ്റിക് ട്രാക്ക്.<br>• വോളി ബോൾ കോർട്ട്</td></tr>
<tr><td>(ബി)</td><td>അനിശ്ചിതമായി പ്രവൃത്തി നീണ്ടുപോകാനിടയായ കാരണം വ്യക്തമാക്കാമോ;</td><td>(ബി)</td><td>മേൽപ്പറഞ്ഞ പ്രോജക്ടിന്റെ ടെൻഡർ 05.08.2021 ന് തുറക്കുകയും അതിന്മേൽ 19.03.2020-ലെ ജി.ഒ. (എം.എസ്.) നം. 41/2020/PWD ഉത്തരവ് പ്രകാരം, ലേബർ സൊസൈറ്റീസിന് പ്രൈസ് പ്രിഫറൻസ് നൽകുന്നത് സംബന്ധിച്ച് 14.02.2022 ൽ കൂടിയ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. തുടർന്ന് 25.08.2022 ന് സർക്കാർ അംഗീകാരം നൽകുകയും ചെയ്തു. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നതിനായി 01.09.2022 ന PFMS പോർട്ടിൽ അപ്ലോഡ് ചെയ്യുകയും 01.02.2023 ന് കിഫ്ബി അംഗീകാരം നൽകുകയും ചെയ്തു. 04.02.2023 ന് കരാറുകാരനായ ഊരാലുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് വർക്ക് ഓർഡർ</td></tr>
</table>

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്തു. മേൽപ്പറഞ്ഞ നടപടി ക്രമങ്ങളിലുണ്ടായ കാലതാമസം കാരണം കരാറുകാരൻ പ്രവൃത്തി തുടങ്ങാൻ വിസമ്മതിച്ചിരുന്നു. തുടർന്ന് 17.05.2023 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. കൂടാതെ സാങ്കേതികാനുമതി പ്രകാരം ഫുട്ബോൾ ഗ്രൗണ്ടിന്റെ അളവ് 35x60 മീ. ആണെങ്കിലും സ്ഥല പരിമിതി മൂലം സെവൻസ് ഫുട്ബോൾ ഗ്രൗണ്ട് (35x50 മീ) മാറ്റം വരുത്തിയതിനാലും, പുതുതായി 100 മീറ്റർ ട്രാക്കും, ലോംഗ് ജമ്പ് പിറ്റും അധിക പ്രവൃത്തികളായി ഉൾപ്പെടുത്തിയതിനാലും ആണ് പ്രവൃത്തി കാലതാമസം നേരിട്ടതെന്ന് എസ്.പി.വി ആയ M/s.കിറ്റ്കോ അറിയിച്ചിട്ടുണ്ട്. |
| (സി) | സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ ടർഫ് എന്നിവ നിർമ്മിക്കുന്നതിനുള്ള ചുമതല ആർക്കാണെന്നും ഇവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ ടർഫ് എന്നിവ നിർമ്മിക്കുന്നതിനുള്ള ചുമതല എസ്.പി.വി. ആയ M/s..കിറ്റ്കോയ്ക്കാണ്. |
| (ഡി) | പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന മേൽപ്പറഞ്ഞ പ്രവൃത്തികൾ 30.04.2026 ന് പൂർത്തീകരിക്കാൻ സാധിക്കുന്നതാണെന്ന് എസ്.പി.വി. ആയ M/s..കിറ്റ്കോ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ